| 18-09-2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ- നിങ്ങൾ ഭൂമിയിലെ ചൈതന്യ നക്ഷത്രങ്ങളാണ്, നിങ്ങൾക്ക് മുഴുവൻ വിശ്വത്തിനും പ്രകാശം നൽകണം.**

**ചോദ്യം-** ശിവബാബ നിങ്ങൾ കുട്ടികളുടെ ശരീരത്തെ എങ്ങിനെയാണ് സ്വർണ്ണത്തിന് സമാനമാക്കി മാറ്റുന്നത്?
**ഉത്തരം-** ബ്രഹ്മാവാകുന്ന അമ്മയിലൂടെ നിങ്ങളെ ജ്ഞാനത്തിന്റെ പാൽ കുടിപ്പിച്ച് നിങ്ങളുടെ ശരീരത്തെ തങ്കമാക്കി മാറ്റുന്നു, അതുകൊണ്ടാണ്, അങ്ങ് തന്നെ മാതാവും പിതാവും.....എന്ന് ബാബയുടെ മഹിമയിൽ പാടുന്നത്.ഇപ്പോൾ നിങ്ങൾ ബ്രഹ്മാവാകുന്ന അമ്മയിലൂടെ ജ്ഞാനത്തിന്റെ പാൽ കുടിച്ചുകൊണ്ടിരിക്കുകയാണ്. ഇതിലൂടെ നിങ്ങളുടെ എല്ലാ പാപവും നശിക്കും. ശരീരം സ്വർണ്ണ സമാനമാകും.

**ഓം ശാന്തി**. ആത്മീയ അച്ഛൻ മനസ്സിലാക്കിത്തരുന്നു, എങ്ങനെയാണോ ആകാശത്തിൽ നക്ഷത്രങ്ങളുള്ളത്, അതുപോലെ നിങ്ങൾ കുട്ടികളെക്കുറിച്ചും്- ഇവർ ഭൂമിയിലെ നക്ഷത്രങ്ങളാണ് എന്ന മഹിമയുണ്ട്. ആകാശത്തിലുള്ള നക്ഷത്രങ്ങളെ നക്ഷത്ര ദേവതകൾ എന്നു പറയാറുണ്ട്. പക്ഷേ അതൊരിക്കലും ദേവതയല്ല. നിങ്ങൾ അതിനേക്കാളും മഹാനായ ബലവാൻമാരാണ്. കാരണം നിങ്ങൾ, നക്ഷത്രങ്ങൾ മുഴുവൻ വിശ്വത്തേയും പ്രകാശിപ്പിക്കുന്നു. നിങ്ങളാണ് ദേവതകളായി മാറുന്നവർ. നിങ്ങളുടെ തന്നെയാണ് ഉന്നതിയും, അധ:പതനവും ഉണ്ടാകുന്നത്. മറ്റുള്ള നക്ഷത്രങ്ങൾ ഈ ഭൂമിയാകുന്ന നാടക വേദിയ്ക്ക് വെളിച്ചം നൽകുന്നു, അവയെ ദേവതകൾ എന്നു പറയില്ല. നിങ്ങൾ ദേവതകളായി മാറിക്കൊണ്ടിരിക്കുകയാണ്. നിങ്ങൾ മുഴുവൻ വിശ്വത്തെയും പ്രകാശിപ്പിക്കുന്നവരാണ്. ഇപ്പോൾ മുഴുവൻ വിശ്വത്തിലും ഘോരാന്ധകാരമാണ്. എല്ലാവരും പതിതരാണ്. ഇപ്പോൾ ബാബ നിങ്ങൾ മധുരമധുരമായ കുട്ടികളെ ദേവതകളാക്കി മാറ്റാനായി വന്നിരിക്കുന്നു. മനുഷ്യർ എല്ലാത്തിനെയും ദേവതകളാണെന്നു മനസ്സിലാക്കുന്നു. സൂര്യദേവനെന്നും പറയുന്നു. ചില സ്ഥലങ്ങളിൽ സൂര്യന്റെ ചിഹ്നമുള്ള കൊടി പാറിക്കുന്നു. അവിടെയുള്ളവർ സ്വയത്തെ സൂര്യവംശികളാണെന്ന് പറയുന്നു. വാസ്തവത്തിൽ നിങ്ങളാണ് സൂര്യവംശികൾ. ബാബ നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കിത്തരുകയാണ്. ഭാരതത്തിൽ തന്നെയാണ് ഘോരാന്ധകാരം. ഭാരതത്തിൽത്തന്നെ പ്രകാശവും വരണം. ബാബ നിങ്ങൾ കുട്ടികൾക്ക് ജ്ഞാനാഞ്ജനം നൽകിക്കൊണ്ടിരിക്കുകയാണ്. നിങ്ങൾ അജ്ഞാന നിദ്രയിലായിരുന്നു, ബാബ വന്ന് വീണ്ടും ഉണർത്തുകയാണ്. ബാബ പറയുന്നു, ഡ്രാമാ പ്ലാൻ അനുസരിച്ച് കൽപ്പകൽപ്പത്തിലെ ഈ പുരുഷോത്തമ സംഗമയുഗത്തിൽ ഞാൻ വീണ്ടും വരുന്നു. ഈ പുരുഷോത്തമ സംഗമയുഗത്തെക്കുറിച്ച് മറ്റൊരു ശാസ്ത്രത്തിലും തന്നെയില്ല. ഈ യുഗത്തെക്കുറിച്ച് ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് അറിയാം, ഇപ്പോൾ നിങ്ങൾ നക്ഷത്രങ്ങൾ വീണ്ടും ദേവതയായി മാറുന്നു. നിങ്ങളെക്കുറിച്ചാണ് നക്ഷത്രദേവതായേ നമഃ എന്നും പറയുന്നത്. ഇപ്പോൾ നിങ്ങൾ പൂജാരിയിൽ നിന്നും പൂജ്യരാകുന്നു. അവിടെ (സത്യയുഗം) നിങ്ങൾ പൂജ്യരാണ്, ഇതും മനസിലാക്കേണ്ടതായ കാര്യമാണ് . ഇതിനെ ആത്മീയ പഠിപ്പ് എന്നാണ് പറയുന്നത് . ഇതിൽ ഒരിക്കലും ആരുടേയും യുദ്ധം ഉണ്ടാകുന്നില്ല. ടീച്ചർ സാധാരണ രീതിയിൽ പഠിപ്പിക്കുന്നു. കുട്ടികളും സാധാരണ രീതിയിൽ പഠിക്കുന്നു. ഇതിൽ യുദ്ധത്തിന്റെ കാര്യമൊന്നുമില്ല. ബ്രഹ്മാബാബ ഒരിക്കലും ഞാൻ ഭഗവാനാണെന്ന് പറഞ്ഞിട്ടില്ല. നിരാകാരനായ ശിവബാബയാണ് പഠിപ്പിക്കുന്നത് എന്നുള്ളത് നിങ്ങൾ കുട്ടികൾക്കറിയാം. ബാബയ്ക്ക് തന്റേതായ ശരീരമില്ല. ഞാൻ ഈ രഥത്തെ ലോണായി എടുക്കുന്നു എന്നാണ് പറയുന്നത്. ഭഗീരഥൻ എന്ന് എന്തുകൊണ്ടാണ് പറയുന്നത്? കാരണം വളരെ വളരെ ഭാഗ്യശാലീ രഥമാണ്. അവർ തന്നെയാണ് വീണ്ടും വിശ്വത്തിന്റെ അധികാരിയായും മാറുന്നത്. അപ്പോൾ ഭാഗീരഥനായില്ലേ. അപ്പോൾ എല്ലാത്തിന്റേയും അർത്ഥം മനസ്സിലാക്കണം. ഇതാണ് എറ്റവും വലിയ പഠിപ്പ്. ലോകത്തിലാണെങ്കിൽ അസത്യം മാത്രമാണ്. സത്യത്തിന്റെ തോണി ആടും ഉലയും.....എന്നൊരു ചൊല്ലുമുണ്ട്.ഇന്നത്തെക്കാലത്ത് സ്വയത്തെ ഭഗവാൻ എന്നുപറയുന്നവർ അനേകമുണ്ട്. അവനവനെ ഭഗവാൻ എന്നുപറയുന്നതുകൂടാതെ കല്ലിലും, മുള്ളിലും പോലും ഭഗവാനുണ്ടെന്ന് പറയുന്നു. ഭഗവാനെ എത്ര അലയിച്ചു. എങ്ങനെയാണോ ലൗകീക അച്ഛൻ കുട്ടികൾക്ക് മനസ്സിലാക്കിക്കൊടുക്കുന്നത് അതുപോലെയാണ് ബാബ മനസ്സിലാക്കിത്തരുന്നത്. പക്ഷേ ലൗകീക അച്ഛന് ഒരിക്കലും പിതാവും, ടീച്ചറും, സദ്ഗുരുവുമായി മാറാൻ കഴിയില്ല. ആദ്യം അച്ഛന്റെ പക്കൽ ജന്മമെടുക്കുന്നു, പിന്നീട് കുറച്ചു വലുതാകുമ്പോൾ പഠിപ്പിക്കുന്നതിനായി ടീച്ചർ വേണം. പിന്നീട് 60 വയസ്സിനു ശേഷം ഗുരു ആവശ്യമാണ്. ഇവിടെ ഒരേയൊരു ബാബ തന്നെയാണ് നമ്മുടെ അച്ഛനും, ടീച്ചറും, സദ്ഗുരുവും. ഞാൻ നിങ്ങൾ ആത്മാക്കളുടെ പിതാവാണ് എന്നു പറയുന്നു. പഠിക്കുന്നതും ആത്മാവ് തന്നെയാണ്. ആത്മാവിന് ആത്മാവ് എന്ന ശബ്ദം മാത്രമേ ഉപയോഗിക്കൂ. ബാക്കി ശരീരങ്ങൾക്കാണ് അനേക നാമങ്ങളുള്ളത്. ചിന്തിക്കൂ,

ഇത് പരിധിയില്ലാത്ത നാടകമാണ്. ഈ നാടകം ഉണ്ടായതും, ഉണ്ടാക്കപ്പെട്ടിട്ടുള്ളതും, ഉണ്ടായിക്കൊണ്ടിരിക്കുന്നതുമാണ്. ഒന്നും പുതിയ കാര്യമല്ല. അനാദിയായി ഉണ്ടാക്കപ്പെട്ടിട്ടുള്ള നാടകമാണ് കറങ്ങിക്കൊണ്ടിരിക്കുന്നത്. ആത്മാക്കളാണ് ഇവിടെ പാർട്ട്ധാരികൾ. ആത്മാക്കൾ എവിടെയാണ് വസിക്കുന്നത് ?... ഞങ്ങൾ ഞങ്ങളുടെ വീടായ പരംധാമത്തിൽ വസിക്കുന്നവരാണ് എന്നു പറയുന്നു. പിന്നീട് ഞങ്ങൾ ഇവിടേക്ക് പരിധിയില്ലാത്ത പാർട്ട് അഭിനയിക്കുന്നതിനായി ഇറങ്ങി വരുന്നു. ബാബ സദാ അവിടെത്തന്നെ വസിക്കുന്നു. പുനർജന്മത്തിലേക്ക് വരുന്നില്ല. ഇപ്പോൾ ് രചയിതാവായ ബാബ അവനവന്റെയും രചനയുടെയും സാരം നിങ്ങളെ കേൾപ്പിക്കുന്നു. നിങ്ങളെ സ്വദർശനചക്രധാരി കുട്ടികൾ എന്നാണ് പറയുന്നത്. ഇതിന്റെ അർത്ഥവും മറ്റാർക്കും മനസ്സിലാക്കാൻ സാധിക്കില്ല കാരണം സ്വദർശനചക്രധാരി വിഷ്ണുവാണ് എന്നാണ് മനുഷ്യർ മനസ്സിലാക്കുന്നത്. പിന്നെങ്ങെനെ മനുഷ്യരെ സ്വദർശന ചക്രധാരി എന്നുപറയാൻ സാധിക്കും. ശൂദ്രന്മാരായിരുന്നപ്പോഴും മനുഷ്യരായിരുന്നു, ഇപ്പോൾ ബ്രാഹ്മണനായപ്പോഴും മനുഷ്യർ തന്നെയാണ്, വീണ്ടും ദേവതയാകുമ്പോഴും മനുഷ്യർ തന്നെയായിരിക്കും. പക്ഷെ സംസ്കാരങ്ങൾക്ക് പരിവർത്തനം സംഭവിക്കുന്നു. രാവണൻ പ്രവേശിക്കുന്നതോടെ നിങ്ങളുടെ സംസ്കാരം വളരെയധികം മോശമാകും. സത്യ-ത്രേതായുഗത്തിൽ ഈ ദുർവികാരങ്ങളൊന്നും ഉണ്ടാവുകയില്ല.

ഇപ്പോൾ ബാബ നിങ്ങൾ കുട്ടികൾക്ക് അമരകഥ കേൾപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഭക്തി മാർഗ്ഗത്തിൽ നിങ്ങൾ എത്ര കഥകളാണ് കേട്ടുവന്നത്. അമരനാഥൻ പാർവ്വതിയ്ക്ക് അമരകഥ കേൾപ്പിച്ചുകൊടുത്തു എന്ന് പറയാറുണ്ട്. പാർവ്വതിയ്ക്ക് കേൾപ്പിച്ചു കൊടുക്കുന്നത് ശങ്കരനായിരിക്കുകയില്ലേ,ശിവന് എങ്ങിനെ കേൾപ്പിച്ചു കൊടുക്കാൻ സാധിക്കും? ധാരാളം പേർ അമരകഥ കേൾക്കാനായി പോകുന്നവരുണ്ട്. ബാബ ഭക്തി മാർഗ്ഗത്തിലെ കാര്യങ്ങളാണ് പറഞ്ഞുതരുന്നത്. ഭക്തി മോശമാണ് എന്ന് ബാബ ഒരിക്കലും പറയില്ല. അനാദിയായ ഡ്രാമയെക്കുറിച്ച് മനസ്സിലാക്കിത്തരുകയാണ്. മുഖ്യമായ കാര്യം ഇതാണ്- സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കൂ. ഭഗവാനുവാച- മന്മനാഭവ. ഇതിന്റെ അർത്ഥം എന്താണ്? ബാബ ബ്രഹ്മാബാബയുടെ വായിലൂടെയാണ് മനസ്സിലാക്കിത്തരുന്നത്. അതുകൊണ്ട് ഗോമുഖ് എന്ന മഹിമയും ബ്രഹ്മാബാബക്കുള്ളതാണ്. ഇതും മനസ്സിലാക്കിത്തന്നിട്ടുണ്ട് ത്വമേവ മാതാശ്ച പിതാ... എന്ന മഹിമയും ബാബയുടേതാണ്. ബ്രഹ്മാവാകുന്ന അമ്മയിലൂടെ ഞാൻ നിങ്ങളെ ദത്തെടുത്തിരിക്കുകയാണ്. ശിവബാബ പറയുന്നു ഇദ്ദേഹത്തിന്റെ വായിലൂടെ ഞാൻ നിങ്ങളെ ജ്ഞാനത്തിന്റെ പാല് കുടിപ്പിക്കുകയാണ് ഇതിലൂടെ നിങ്ങളുടെ പാപങ്ങളെല്ലാം ഭസ്മമായി ആത്മാവ് സ്വർണ്ണമായിത്തീരുന്നു. അപ്പോൾ ശരീരവും സ്വർണ്ണമായതു ലഭിക്കുന്നു. ആദ്യം ആത്മാക്കൾ തീർത്തും പവിത്രമായ സ്വർണ്ണമായിത്തീരുന്നു. പിന്നീട് പതുക്കെ-പതുക്കെ ഏണിപ്പടി താഴേക്ക് ഇറങ്ങുന്നു. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നു നമ്മൾ ആത്മാക്കളും സ്വർണ്ണമായിരുന്നു ശരീരവും സ്വർണ്ണത്തിന് സമാനമായിരുന്നു പിന്നീട് ഡ്രാമയനുസരിച്ച് 84 ജന്മത്തിന്റെ ചക്രത്തിലേക്ക് വന്നു. ഇപ്പോൾ ആത്മാവും ശരീരവും രണ്ടും സ്വർണ്ണമല്ല. ഇപ്പോൾ 9 കാരറ്റ് എന്നേ പറയൂ, വളരെ ചെറിയ ശതമാനം മാത്രമേ അവശേഷിക്കുന്നുള്ളൂ. തീർത്തും നഷ്ടപ്പെട്ടിട്ടില്ല. കുറച്ചെങ്കിലും ശാന്തിയുണ്ട്. ബാബ ലക്ഷ്യത്തെക്കുറിച്ചും പറഞ്ഞുതന്നിട്ടുണ്ട്. ഈ ലക്ഷ്മീനാരായണന്റെ ചിത്രം നമ്പർ വൺ ആണ്. ഇപ്പോൾ നിങ്ങളുടെ ബുദ്ധിയിൽ മുഴുവൻ ചക്രവും വന്നു കഴിഞ്ഞു. ബാബയുടെ പരിചയവും ലഭിച്ചു. ഇപ്പോൾ നിങ്ങൾ ആത്മാക്കൾ പൂർണ്ണമായും സ്വർണ്ണമായിത്തീർന്നിട്ടില്ലെങ്കിലും ബുദ്ധിയിൽ ബാബയുടെ പരിചയം ഉണ്ടല്ലോ. സ്വർണ്ണത്തിനു സമാനമാകുന്നതിനുള്ള യുക്തിയാണ് പറഞ്ഞുതരുന്നത്. ആത്മാവിൽ പറ്റിപ്പിടിച്ച കറയെ എങ്ങനെ ഇല്ലാതാക്കും? അതിനാണ് ഓർമ്മയുടെ യാത്ര. ഇതിനെ യുദ്ധമൈതാനമെന്നാണ് പറയുന്നത്. നിങ്ങൾ ഓരോരുത്തരും യുദ്ധമൈതാനത്തിലുള്ള യോദ്ധാക്കളാണ്. ഇപ്പോൾ അവരവർക്ക് വേണ്ടിയുള്ള പുരുഷാർത്ഥം അവരവർ തന്നെ ചെയ്യണം. പരിശ്രമം ചെയ്യുക എന്നുള്ളത് വിദ്യാർത്ഥികളുടെ ജോലിയാണ്. എവിടേക്ക് പോയാലും പരസ്പരം മുന്നറിയിപ്പ് നൽകിക്കൊണ്ടിരിക്കൂ- മന്മനാഭവ. ശിവബാബയെ ഓർമ്മയുണ്ടോ? പരസ്പരം ഈയൊരു സൂചന നൽകിക്കൊണ്ടിരിക്കണം. ബാബയുടെ പഠിപ്പ് തന്നെ ഒരു സൂചനയാണ്. അതുകൊണ്ടാണ്, ഒരു സെക്കന്റിൽ തന്നെ ശരീരം സ്വർണ്ണത്തിനു സമാനമാകും, വിശ്വത്തിന്റെ അധികാരിയാക്കി മാറ്റും എന്ന് ബാബ പറഞ്ഞു തരുന്നത്. ബാബയുടെ കുട്ടിയായി മാറിയെങ്കിൽ വിശ്വത്തിന്റെ അധികാരിയായി. പിന്നീട് വിശ്വത്തിലെ ചക്രവർത്തീപദവിയുമുണ്ട്. അതിലും ഉയർന്ന പദവി നേടണമെങ്കിൽ പുരുഷാാത്ഥം ചെയ്യണം. ബാക്കി ജീവൻ മുക്തി സെക്കന്റിൽ ഉള്ളതാണ്. ഇത് ശരിയല്ലേ. പുരുഷാർത്ഥം ചെയ്യുക എന്നുള്ളത് അവരവരുടെ ഉത്തരവാദിത്വമാണ്. നിങ്ങൾ ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കൂ. എങ്കിൽ ആത്മാവ് പവിത്രമാകുന്നു. സതോപ്രധാനമായി സതോപ്രധാന ലോകത്തിന്റെ അധികാരിയായി മാറുന്നു. നിങ്ങൾ എത്ര തവണയാണ് തമോപ്രധാനത്തിൽനിന്നും സതോപ്രധാനമായിരിക്കുന്നത്! ഈ ചക്രം കറങ്ങിക്കൊണ്ടിരിക്കുന്നു. ഇതൊരിക്കലും അവസാനിക്കുന്നില്ല. ബാബ എത്ര നല്ല രീതിയിലാണ് മനസ്സിലാക്കിത്തരുന്നത്. ഞാൻ

കൽപ്പകൽപ്പം ഈ ലോകത്തിലേക്ക് വരുന്നു. നിങ്ങൾ കുട്ടികൾ എന്നെ ക്ഷണിക്കുന്നതും ഈ മോശമായ ലോകത്തേക്കാണ്. എന്തിനാണ് ക്ഷണിക്കുന്നത്? ഞങ്ങൾ പതിതരെ വന്ന് പാവനമാക്കൂ എന്നു പറഞ്ഞാണ് ക്ഷണിക്കുന്നത്. ആഹാ......നിങ്ങളുടെ ക്ഷണം! ഞങ്ങളെ ശാന്തീധാമത്തിലേക്ക് കൊണ്ടുപോകൂ... എന്നു പറയുന്നു. ഞാൻ നിങ്ങളുടെ അനുസരണയുള്ള സേവകനാണ്. ഇതും ഡ്രാമയിലെ കളിയാണ്. നിങ്ങളും മനസ്സിലാക്കുന്നു– നമ്മൾ കൽപ്പകൽപ്പം ഇതുതന്നെയാണ് പഠിക്കുന്നത്, ഇതേ പാർട്ടാണ് അഭിനയിക്കുന്നത്. ആത്മാവാണ് പാർട്ട് അഭിനയിക്കുന്നത്. ഇവിടെ ഇരുന്നുകൊണ്ടും ബാബ ആത്മാക്കളെയാണ് കാണുന്നത്. നക്ഷത്രങ്ങളെയാണ് കാണുന്നത്. എത്ര ചെറിയ ആത്മാവാണ്. നക്ഷത്രങ്ങളും മിന്നിത്തിളങ്ങാറുണ്ട്. ചിലത് വളരെ നന്നായി തിളങ്ങുന്നു, ചിലതിന് നേരിയ പ്രകാശം മാത്രമേ ഉണ്ടാകൂ. ചില നക്ഷത്രങ്ങൾ ചന്ദ്രന്റെ സമീപത്തായിരിക്കും. നിങ്ങൾ കുട്ടികളും യോഗബലത്തിലൂടെ പവിത്രമാകുമ്പോൾ നന്നായി തിളങ്ങുന്നു.കുട്ടികളിലും ആരാണോ വളരെ നല്ല നക്ഷത്രം, അവർക്ക് പുഷ്പം നൽകൂ എന്ന് ബാബയും പറയാറുണ്ട്. കുട്ടികൾക്കും പരസ്പരം ആര് എങ്ങിനെയുള്ളവരാണെന്ന് അറിയാമല്ലോ. ചിലർ വളരെ തീവ്രഗതിയിൽ മുന്നേറുന്നു, ചിലർ വളരെ പതുക്കെയായിരിക്കും. ആകാശത്തിലുള്ള നക്ഷത്രങ്ങളെ ദേവത എന്നു പറയില്ല. നിങ്ങളും മനുഷ്യരാണ്. പക്ഷേ ബാബ നിങ്ങൾ ആത്മാക്കളെ പവിത്രമാക്കി വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്നു. ബാബ എത്ര ശക്തിയാണ് നമുക്ക് സമ്പത്തിന്റെ രൂപത്തിൽ നൽകുന്നത്. സർവ്വശക്തനായ ബാബയല്ലേ. ബാബ പറയുന്നു ഞാൻ നിങ്ങൾ കുട്ടികൾക്ക് വളരെയധികം ശക്തി നൽകുന്നു. ഇങ്ങനെയൊരു മഹിമയുമുണ്ട് – ശിവബാബാ, അങ്ങ് ഞങ്ങളെ പഠിപ്പിച്ച് മനുഷ്യനിൽ നിന്നും ദേവതയാക്കി മാറ്റുന്നു...ആഹാ! വേറെയാർക്കും തന്നെ ഇതുപോലെ സാധിക്കില്ല. പഠിപ്പ് സമ്പാദ്യത്തിന്റെ ഉറവിടമാണല്ലോ. മുഴുവൻ ആകാശവും ഭൂമിയുമെല്ലാം നമ്മുടേതായിത്തീരുന്നു. ആർക്കും തട്ടിയെടുക്കാൻ സാധിക്കില്ല. അതിനെ പറയുന്നു അഖണ്ഡമായ രാജ്യം. ആർക്കും ഖണ്ഡിക്കുവാൻ സാധിക്കില്ല. ആർക്കും കത്തിച്ച് നശിപ്പിക്കാനും കഴിയില്ല. അപ്പോൾ ഇങ്ങനെയൊരു പിതാവിന്റെ ശ്രീമതമനുസരിച്ച് ജീവിക്കണ്ടേ. ഓരോരുത്തരും അവരവരുടേതായ പുരുഷാർത്ഥം ചെയ്യണം.

കുട്ടികൾ മ്യൂസിയം ഉണ്ടാക്കുന്നു– അതിലുള്ള ചിത്രങ്ങളിലൂടെ തന്റെ സമാനതലത്തിലുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കണം. ബാബ നിർദ്ദേശം തന്നുകൊണ്ടിരിക്കുന്നു ഏതു ചിത്രം വേണമോ ഉണ്ടാക്കിക്കോളൂ. എല്ലാവരുടെയും ബുദ്ധി പ്രവർത്തിക്കുമല്ലോ. മനുഷ്യരുടെ നന്മയ്ക്ക് വേണ്ടിയാണ് ഇതുണ്ടാക്കുന്നത്. നിങ്ങൾക്കറിയാം സെന്ററുകളിൽ പലരും വരാറുണ്ട്, മനുഷ്യർ സ്വയം വന്ന് ഈ മധുരം നേടുന്നതിനായി എന്തു യുക്തിയാണ് രചിക്കേണ്ടത് എന്ന് ഇപ്പോൾ ചിന്തിക്കണം. ആരെങ്കിലും വളരെ നല്ല മിഠായി ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ പരസ്യം താനേ ഉണ്ടാകുന്നു. എല്ലാവരും പരസ്പരം പറയും ഇന്ന കടയിലേക്ക് പോകൂ... ഇത് ഏറ്റവും വലിയ നല്ലതിലും നല്ലതായ, നമ്പർ വൺ മിഠായിയാണ്. ഇങ്ങനെയൊരു മിഠായി ആർക്കും നിങ്ങൾക്ക് നൽകാൻ സാധിക്കില്ല. ഒരാൾ വന്ന് ഇത് മനസ്സിലാക്കിപ്പോകുകയാണെങ്കിൽ മറ്റുള്ളവർക്ക് കേൾപ്പിച്ചു കൊടുക്കും. മുഴുവൻ ഭാരതവും എങ്ങിനെ സ്വർണ്ണിമ യുഗമായിത്തീരും എന്ന ചിന്തയുണ്ടാകുമല്ലോ. അതിനുവേണ്ടി എത്രയാണ് മനസ്സിലാക്കി ത്തരുന്നത്. പക്ഷേ കല്ലുബുദ്ധികളായതുകൊണ്ട് വളരെ പ്രയത്നിക്കേണ്ടി വരുന്നു. വേട്ടയാടാനും പഠിക്കണമല്ലോ. ആദ്യമാദ്യം ചെറിയ രീതിയിൽ വേട്ടയ്ക്കു പോകുന്നു. വലിയ രീതിയിൽ ചെയ്യുന്നതിന് ശക്തി ആവശ്യമാണ്. എത്ര വലിയ വലിയ വിദ്വാന്മാരും പണ്ഢിതന്മാരുമാണ്. വേദശാസ്ത്രങ്ങളെല്ലാം പഠിച്ചവരാണ്. അവനവനെ ഇതിന്റെയെല്ലാം വളരെ വലിയ അധിപന്മാരാണെന്ന് മനസ്സിലാക്കുന്നു. ബനാറസ്സിൽ അവർക്ക് വളരെ വലിയ ടൈറ്റിലുകളാണ് ലഭിക്കുന്നത്. അതുകൊണ്ടാണ് ബാബ മനസ്സിലാക്കിത്തരുന്നത് ആദമാദ്യം ബനാറസിൽ സേവനത്തിന്റെ വല വീശൂ. ഉയർന്ന പദവിയിലിക്കുന്നവരുടെ ശബ്ദം പുറത്തേക്കു വന്നാലേ ഇതിനെക്കുറിച്ച് ആരെങ്കിലും ശ്രദ്ധിക്കൂ. സാധാരണാക്കാരുടെ കാര്യമാണെങ്കിൽ ആരും ശ്രദ്ധിക്കാൻ കൂട്ടാക്കുകയില്ല. ആരാണോ സ്വയത്തെ ശാസ്ത്രങ്ങളുടെ അധിപനാണെന്ന് മനസ്സിലാക്കുന്നത് അങ്ങനെയുള്ള സിംഹങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കണം. എത്ര വലിയ വലിയ ടൈറ്റിലുകളാണ് അവർക്ക് നൽകുന്നത്. ശിവബാബയ്ക്കു പോലും ഇത്രയധികം ടൈറ്റിലുകളില്ല. ഭക്തിമാർഗ്ഗത്തിലെ രാജ്യമല്ലേ. പിന്നീടാണ് ജ്ഞാനമാർഗ്ഗത്തിന്റെ രാജ്യം വരുന്നത്. ജ്ഞാനമാർഗ്ഗത്തിൽ ഭക്തി ഉണ്ടാവുകയില്ല. ഭക്തിയിൽ പിന്നെ ജ്ഞാനവും ഒട്ടും ഉണ്ടാവുകയില്ല. അപ്പോൾ ഇത് ബാബ മനസ്സിലാക്കിത്തന്നു, ബാബ നിങ്ങളെ നോക്കുന്നതും നക്ഷത്രങ്ങളായിട്ടാണ്. ദേഹത്തിന്റെ ഭാരം ഉപേക്ഷിക്കണം. എങ്ങനെയാണോ ആകാശത്ത് നക്ഷത്രങ്ങൾ മിന്നിത്തിളങ്ങുന്നതായിക്കാണുന്നത് അതുപോലെ ബാബ ഇവിടെയും കാണുന്നു. ചിലർ വളരെ തീക്ഷ്ണ മായ പ്രകാശം ഉള്ളവരാണ്. ഇവിടെ ഭൂമിയിലെ ചൈതന്യ നക്ഷത്രങ്ങളാണ്. നിങ്ങളെയാണ് ദേവതകൾ എന്നു പറയുന്നത് . ഇത് എത്ര വലിയ പരിധിയില്ലാത്ത വേദിയാണ്. ബാബ മനസ്സിലാക്കിത്തരുന്നു സാധാരണ രീതിയിൽ പരിധിയുള്ള രാത്രിയും പകലുമാണ്. ഇവിടെ അരക്കൽപ്പത്തേക്ക് പരിധിയില്ലാത്ത രാത്രിയും

അരക്കൽപ്പത്തേക്ക് പരിധിയില്ലാത്ത പകലുമാണ്. പകലിൽ സുഖം മാത്രമേ ഉള്ളൂ, എവിടെയും പോയി കഷ്ടപ്പെടേണ്ടതായ ആവശ്യമില്ല. ജ്ഞാനത്തിൽ സുഖവും, ഭക്തിയിൽ ദുഖവുമാണ്. സത്യയുഗത്തിൽ ദുഖത്തിന്റെ പേരുപോലുമില്ല. അവിടെ കാലൻ ഉണ്ടാവുകയില്ല. ഇപ്പോൾ നിങ്ങൾ കാലനുമേൽ വിജയം പ്രാപിക്കുന്നു. മൃത്യുവിന്റെ പേരുപോലും ഉണ്ടാകില്ല. അത് അമരലോകമാണ്. നിങ്ങൾക്കറിയാം ബാബ നമുക്ക് അമരലോകത്തേക്കു പോകുന്നതിനു വേണ്ടി അമരകഥ കേൾപ്പിച്ചു തരുകയാണ്. ഇപ്പോൾ നിങ്ങൾ മധുരമധുരമായ കുട്ടികളുടെ ബുദ്ധിയിൽ ആദ്യം മുതൽ അന്തിമം വരെയുള്ള മുഴുവൻ ചക്രത്തിന്റെയും രഹസ്യമുണ്ട്. നമ്മൾ ആത്മാക്കളുടെ വീട് ബ്രഹ്മലോകമാണെന്നറിയാം. അവിടെ നിന്നും ഇവിടേക്ക് നമ്പർവൈസായി പാർട്ട് അഭിനയിക്കുന്നതിന് വന്നിരിക്കുകയാണ്. ധാരാളം ആത്മാക്കളുണ്ട് ഓരോരുത്തർക്കും വേറെ വേറെ മനസ്സിലാക്കിത്തരുവാൻ സാധിക്കില്ലല്ലോ. ചിത്രങ്ങൾ വച്ച് പറഞ്ഞു കൊടുക്കണം. കൽപ്പവൃക്ഷത്തിന് ധാരാളം ശാഖോപശാഖകളുണ്ട്. വൃക്ഷത്തിന്റെ അഭിവൃദ്ധിയും ഉണ്ടായിക്കൊണ്ടിരിക്കുന്നു. വളരെപേർക്ക് അവനവന്റെ ധർമ്മത്തെക്കുറിച്ചുള്ള അറിവുപോലുമില്ല. നിങ്ങൾ യഥാർത്ഥത്തിൽ ദേവീദേവതാധർമ്മത്തിലുള്ളവരാണ് പക്ഷേ ഇപ്പോൾ നിങ്ങൾ ധർമ്മ ഭ്രഷ്ടരും, കർമ്മ ഭ്രഷ്ടരുമായിക്കഴിഞ്ഞു എന്ന് ബാബ വന്ന് മനസ്സിലാക്കിത്തരുന്നു.

ഇപ്പോൾ നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ, നമ്മൾ യഥാർത്ഥത്തിൽ ശാന്തിധാമത്തിൽ വസിക്കുന്നവരാണ് പിന്നീട് ഇങ്ങോട്ട് പാർട്ട് അഭിനയിക്കാനായി വന്നതാണ്. ആദ്യം ഈ ലക്ഷ്മീ നാരായണന്മാരുടെ രാജധാനിയായിരുന്നു എന്നതെല്ലാം ഉണ്ട്. ഇപ്പോൾ നിങ്ങൾ സംഗമയുഗത്തിലാണ് നിൽക്കുന്നത്. നിങ്ങൾ ആദ്യം സൂര്യവംശികളായിരുന്നു, പിന്നീട് ചന്ദ്രവംശികളായി മാറി. ബാക്കി ഇടയ്ക്ക് വരുന്ന ധർമ്മങ്ങളെല്ലാം തന്നെ ശാഖോപശാഖകളാണ്. ഇത് പരിധിയില്ലാത്ത കളിയാണ്. ബ്രാഹ്മണരുടേത് എത്ര ചെറിയ വൃക്ഷമാണ്. ബ്രാഹ്മണകുലം എന്നാണ് പറയുക. പിന്നീട് അതിന്റേയും വൃദ്ധി ഉണ്ടാകുന്നു, എല്ലാവരെയും ഒരുമിച്ച് കാണാൻ പോലും കഴിയില്ല. അതുകൊണ്ട് എല്ലാ സ്ഥലത്തും സേവനത്തിന്റെ വലയം സൃഷ്ടിക്കൂ. ബാബ പറയുന്നു, ഡൽഹിയിലും, ബനാറസ്സിലും വലയം സൃഷ്ടിക്കണം. മുഴുവൻ ലോകത്തിലും സേവനത്തിന്റെ വല വീശുന്നവരാണ് നിങ്ങൾ. നിങ്ങൾ യോഗബലത്തിലൂടെ മുഴുവൻ ലോകത്തിലും ഒരു രാജ്യത്തിന്റെ സ്ഥാപന ചെയ്യുന്നു, അപ്പോൾ എത്ര സന്തോഷിക്കണം. സേവനത്തിനുവേണ്ടി ഓരോരുത്തർ എവിടെയെല്ലാമാണ് പോയിക്കൊണ്ടിരിക്കുന്നത്. ഇപ്പോൾ നിങ്ങളുടെ കാര്യം ആരും തന്നെ കേൾക്കുകയില്ല. ഉയർന്ന പദവിയിലുള്ളവർ വരുമ്പോൾ, പത്രങ്ങളിൽ കാണുമ്പോൾ എല്ലാവരും മനസ്സിലാക്കുന്നു. ഇപ്പോൾ ചെറിയ തോതിലാണ് വേട്ടയാടുന്നത് . വലിയ വലിയ ധനവാന്മാർ ഇവിടെത്തന്നെയാണ് സ്വർഗ്ഗമെന്നാണ് വിചാരിക്കുന്നത്. സാധാരണക്കാരാണ് വന്ന് സമ്പത്തെടുക്കുന്നത്. സാധാരണക്കാരാണ് – ബാബാ, എനിക്ക് അങ്ങല്ലാതെ മറ്റാരും തന്നെയില്ല...എന്നു പറയുന്നതും.പക്ഷേ മോഹവും, മമത്വവും മുഴുവൻ ലോകത്തിനോടും ഇല്ലാതാവുകയും വേണം. ശരി !

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും, പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും, പുലർകാലവന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം –

1. ആത്മാവിനെ സ്വർണ്ണത്തിനു സമാനമാക്കി മാറ്റുന്നതിനായി പരസ്പരം മുന്നറിയിപ്പ് നൽകണം. മന്മനാഭവ എന്ന മഹാമന്ത്രത്തിന്റെ സൂചന എല്ലാവർക്കും നൽകണം. യോഗബലത്തിലൂടെ പവിത്രമായി, തിളങ്ങുന്ന നക്ഷത്രമായിത്തീരണം.

2)ഈ പരിധിയില്ലാത്ത ഉണ്ടായതും,ഉണ്ടാക്കപ്പെട്ടിട്ടുള്ളതുമായ നാടകത്തെ നല്ലരീതിയിൽ മനസ്സിലാക്കി സ്വദർശനചക്രധാരിയായിത്തീരണം.ജ്ഞാനാഞ്ജനം നൽകി മനുഷ്യരെ അജ്ഞാനത്തിന്റെ ഘോരമായ അന്ധകാരത്തിൽ നിന്നും പുറത്തു കൊണ്ടുവരണം

## വരദാനം–ബാലകനിൽനിന്നും യജമാനൻ എന്ന സ്മൃതിയിലൂടെ സർവഖജനാവുകളെയും സ്വന്തമാക്കുന്ന സ്വരാജ്യ അധികാരിയായി ഭവിക്കട്ടെ.

ഈ സമയത്ത് നിങ്ങൾ കുട്ടികൾ ബാലകർ മാത്രമല്ല,ബാലകരിൽ നിന്നും യജമാനരാവുന്നവർ കൂടിയാണ്. ആദ്യം സ്വരാജ്യാധികാരിയാവുന്നു,രണ്ടാമതായി അച്ഛനിൽനിന്നും ലഭിക്കുന്ന സമ്പത്തിന്റെ അധികാരം

കിട്ടുന്നു. സ്വരാജ്യാധികാരിയാവുമ്പോൾ തന്റെ എല്ലാ കർമ്മേന്ദ്രിയങ്ങളും ആജ്ഞയനുസരിച്ച് നടക്കും. എന്നാൽ ചില സമയങ്ങളിൽ അധികാരിയെന്ന കാര്യം മറന്ന്, മനസ്സ് കർമ്മേന്ദ്രിയങ്ങളെ തന്റെ വശത്താക്കും. അതിനാൽ ബാബ കുട്ടികൾക്ക് മൻമനാഭവ എന്ന മന്ത്രം നൽകുന്നു.മൻമനാഭവയായി ഇരിക്കുന്നതിലൂടെ ഒരു വിധത്തിലുമുള്ള വ്യർത്ഥകാര്യങ്ങളുടെയും സ്വാധീനത്തിൽ വരില്ല. മാത്രമല്ല, സർവഖജനാക്കളും സ്വന്തമാണെന്ന അനുഭവം ഉണ്ടാവുകയും ചെയ്യും.

**സ്ലോഗൻ – പരമാത്മാസ്നേഹത്തിന്റെ ഊഞ്ഞാലിൽ പറക്കുന്നകലയിൽ ഉല്ലസിക്കുന്നതുതന്നെയാണ് ഏറ്റവും ശ്രേഷ്ഠമായ ഭാഗ്യം.**